കിളിക്കൂട് 2018-19




ടി

1

# ടി എം വി എം എച്ച് എസ് വെട്ടിയാർ



## ഉള്ളടക്കം

ആശംസകൾ....4
കൈറ്റ് മാസ്റ്റർ / മിസ്ട്രസ്....5
2018-19 ലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ....6
എഡിറ്റോറിയൽ....8
സ്കൂളിന്റെ ചരിത്രം....9
നവകേരള സൃഷ്ടിയുടെ രീതി ശാസ്ത്രം....11
ഞാൻ ജലത്തുള്ളി കവിത....12
....12
ജൈവ പ്ലാസ്റ്റിക്....12
വിദ്വേഷവിത്തുകൾ വിതച്ചീടല്ലേ കവിത....14
അറിവിന്റെ ചെറുതുള്ളികൾ....14
എന്റെ വിദ്യാലയം കവിത....15
ഞാൻ കവിത....16
ആലപ്പുഴയുടെ ചരിത്രം....17
കുസൃതിചോദ്യങ്ങൾ....17
കടംകഥകൾ....18
ഉത്തരം....19
- കുസൃതിചോദ്യങ്ങൾ....19
- കടംകഥകൾ....20

നന്മൊഴി മുത്തുകൾ....27
ഗുണനം എളുപ്പത്തിൽ....29
- വരച്ച് ഗുണിക്കാം....29

എല്ലാം അലിയിക്കുന്നത്....30
കുഞ്ഞിക്കിളിയുടെ ദുഃഖം കഥ....31
....32
ചിത്രങ്ങൾ....32

# ആശംസകൾ



വെട്ടിയാർ ടി .എം .വി .എം ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഇതിൽ ഭാഗഭാക്കാകുന്ന എല്ലാ അംഗങ്ങളേയും, ഇതിന് നേതൃത്വം നല്കുന്ന കൈറ്റ് മിസ്ട്രസ്സുമാരായ ഫിനി ടീച്ചറിനേയും ലേഖ ടീച്ചറിനേയും അനുമോദിക്കുന്നു. കാലഘട്ടത്തിന് അനുസൃതമായ, ഡിജിറ്റൽ മാധ്യമരംഗത്ത് നമ്മുടെ കുട്ടികൾക്കും അവരുടെ കഴിവുകൾ പ്രയോഗിക്കുവാൻ അവസരം ലഭിക്കുന്നു എന്നത് അഭിമാനകരമായ നേട്ടം തന്നെ. പൊതുവിദ്യാഭാസരംഗം മികവിലേക്ക് ഉയരുന്നു എന്നതിന്റെ തെളിവുകൂടിയാകുന്നു ഈ സംരംഭം.

നന്മകൾ നേരുന്നു.

നിങ്ങളുടെ സ്വന്തം,

വെട്ടിയാർ

സുജ ടീച്ചർ.

09-01-2019

(ഹെഡ്മിസ്ട്രസ്)

# കൈറ്റ് മാസ്റ്റർ / മിസ്ട്രസ്



ജയലേഖ ജെ/ഫിനി എം ജോൺ

## 2018–19 ലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ



# എഡിറ്റോറിയൽ അംഗങ്ങൾ

1.ആദിത്യൻ എ,

2.അഭിഷേക് എം എസ്

3.ദേവ് നന്ദ് ജി.

4.ശ്രേയസ് യു.



# എഡിറ്റോറിയൽ

വളരെ സന്തോഷത്തോടും സത്യസന്ധതയോടും വിനീതമായും ഈ വർഷത്തെ പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു. ഒരു മാഗസിൻ എല്ലാ അർഥത്തിലും കണ്ണാടി പോലെ കുട്ടികളുടെ കഴിവുകൾ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. ഈ മാഗസിൻ നിർമാണത്തിന് പിന്നിൽ കഷ്ടപ്പെട്ട ലിറ്റിൽ കൈറ്റിലെ അംഗങ്ങളെ പ്രത്യേകം അനുമോദിക്കുന്നു. അതോടൊപ്പം ഈ സംരംഭത്തിന്റെ വിജയത്തിന് ആശംസകൾ നേരുകയും ചെയ്യുന്നു.

എന്ന്,
ചീഫ് എഡിറ്റർ
സുധാ വി
(മലയാളം അധ്യാപിക)



# സ്കൂളിന്റെ ചരിത്രം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ തഴക്കര പഞ്ചായത്ത് 12 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സരസ്വതി മന്ദിരമാണ് ടി .എം .വി .എം .ഹൈസ്‌കൂൾ .
1964 ൽ പരേതനായ ശ്രീ .എൻ .അലക്സാണ്ടർ EX . MP .
ഈ സ്‌കൂൾ സ്ഥാപിച്ചത്. കണ്ടിയൂർ വടക്കേതലയ്ക്കൽ താന്നിമൂട്ടിൽ ശ്രീ .എൻ .അലക്സാണ്ടർ 1910 ൽ ശ്രീ കുഞ്ഞ്നൈനാന്റെയും ശ്രീമതി സാറാമ്മ നൈനാന്റെയും രണ്ടാമത്തെ മകനായി ജനിച്ചു. സ്വതന്ത്ര്യ സമരപോരാളിയായിരുന്നു അദ്ദേഹം .
കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ കാമരാജ് നാടാർ 1964 സെപ്റ്റംബർ 27 ാം തീയതി ഈ സരസ്വതി മന്ദിരം ഉദ്ഘാടനം ചെയ്തു . തഴക്കര പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ, വിദ്യയുടെ അമൃത് നുകരുന്ന സരസ്വതി ക്ഷേത്രമായി ഇത് നിലകൊള്ളുന്നു.
ഈ സ്‌കൂളിന്റെ സ്ഥാപിത മാനേജർ പരേതനായ ശ്രീ .എൻ .അലക്സാണ്ടർ EX . MP യുടെ
മകനായ ശ്രീ .ജോർജ്ജ് അലക്സാണ്ടർ ആണ് നിലവിൽ മാനേജർ.
വെൺമണിയിലെ വരട്ടാറെന്ന നീരൊഴുക്ക് അന്ന് അച്ചൻ കോവിലിന്റെ ഭാഗമായിരുന്നു. ചാമക്കാവിന് താഴെ ഉത്തരപ്പള്ളി കയത്തിനരികിൽ നിന്നു ആറിന്റെ ഗതി വെട്ടിമാറ്റി. അങ്ങനെ അച്ചൻകോവിലാർ ഈ പ്രദേശത്തുകൂടി ഒഴുകിത്തുടങ്ങി. ആവശ്യം സൃഷ്ടിയുടെ മാതാവെന്ന തത്വം ഇവിടെ തെളിയുന്നു. ദാഹജലത്തിനായി മനുഷർ നടത്തിയ കഠിനാദ്ധ്വാനത്തിന്റെ ഫലമായി ആണ് അച്ചൻകോവിലാറ് ഈ പ്രദേശത്തുകൂടി ഒഴുകുന്നത്. "വെട്ടിയ ആറ് " ഒഴുകുന്ന പ്രദേശം കാലക്രമേണ വെട്ടിയാർ എന്ന നാമധേയത്തിൽ അറിയപ്പെടാൻ തുടങ്ങി. ആലപ്പുഴ ജില്ലയുടെ

കിഴക്കുഭാഗത്ത് വടക്കേ അക്ഷാംശം 9⁰ 14, നും കിഴക്കേ രേഖാംശം 76⁰ 33, നും മദ്ധ്യേയാണ് വെട്ടിയാർ ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഗ്രാമത്തിന്റെ ഹൃദയഭാഗത്തുക്കൂടിയാണ് ഹരിപ്പാട് പത്തനംതിട്ട റോഡ് കടന്നു പോകുന്നത്. തഴക്കര പഞ്ചായത്തിൽ 21 വാർഡുകൾ ഉള്ളതിൽ കിഴക്കേ അറ്റത്താണ് ടി .എം .വി .എം .ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്നത്.അറിവിന്റെ അക്ഷരം പകർന്നു കൊടുത്ത് അനേകം വ്യക്തിത്വങ്ങളെ വാർത്തെടുത്ത ഈ സ്ക്കൂൾ വെട്ടിയാർ ഗ്രാമത്തിന്റെ അഭിമാനമാണ്.



## നവകേരള സൃഷ്ടിയുടെ രീതി ശാസ്ത്രം

സംസ്ഥാനത്തിന്റെ മൂന്നു ഭൗമ മേഖലകളായ മലനാട്, ഇടനാട്, തീരപ്രദേശം, എന്നിവയെ 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കം ഗുരുതരമായി ബാധിച്ചു. കേരളം അക്ഷരാർത്ഥത്തിൽ തകർന്നടിഞ്ഞു. ഇനി, പുതിയ കേരളത്തിന്റെ സൃഷ്ടിക്കായി ആശയങ്ങൾ വേണം സമ്പത്ത് വേണം. നവകേരളത്തിനായി ശാസ്ത്രത്തെയും ഉപയോഗപ്പെടുത്തണം. സുസ്ഥിരത, തുല്യത, പങ്കാളിത്തം, ജനാധിപത്യം, സുതാര്യത, സാമൂഹ്യനീതി എന്നിവയാവണം നാളത്തെ കേരളത്തിന്റെ മുഖമുദ്ര.



പരിസ്ഥിതിയും വികസനവും പരസ്പരം ബന്ധപ്പെട്ടതാണെന്ന തിരിച്ചറിവ് സുസ്ഥിര വികസനത്തിന്റെ നെട്ടംതുണാണ്.
വരുംതലമുറയ്ക്കുകൂടി അവകാശപ്പെട്ട പ്രകൃതിവിഭവങ്ങൾ ധൂർത്തടിക്കാൻ നമുക്ക് അവകാശമില്ലന്ന കാര്യം നാം അംഗീകരിക്കേണ്ടതുണ്ട്.
അതിനാൽ പ്രകൃതിയെയും പുതുക്കപ്പെടാത്ത പ്രകൃതിവിഭവങ്ങളുടെ വിനിയോഗത്തെയും ബാധിക്കുന്ന നിലവിലുള്ള പരിഷ്കരിക്കേണ്ടതുണ്ട്; പുതിയവ ആവശ്യമെങ്കിൽ സമഗ്രമായി തയ്യാറാക്കുകയും വേണം. കാലാവസ്ഥാമാറ്റം, പ്രളയം എന്നിവയെ സംബന്ധിച്ച ലഭ്യമായ അറിവുകളുടെ അടിസ്ഥാനത്തിലാവണം ഇത് ചെയ്യുന്നത്.
കേരളം പൊതുവിൽ പരിസ്ഥിതിദുർബലപ്രദേശമാണെന്നത് നമ്മുടെ ഭാവി ആസൂത്രണത്തിൽ പ്രതിഫലിക്കണം. അതിനാൽ പാരിസ്ഥിതിക പാദമുദ്ര (ecological footprint) കുറവുള്ള വികസന നയമാണ് നാം ആവിഷ്കരിക്കേണ്ടത്.
ഭാവികേരളം എങ്ങനെയാവണമെന്ന് സ്വപ്നം കാണേണ്ടവർ യുവജനങ്ങളും വിദ്യാർത്ഥികളുമാണ്.അത് രൂപപ്പെടുത്തുന്ന ചർച്ചകൾക്ക് തുടക്കം

കുറിക്കേണ്ടവരാകട്ടെ, അധ്യാപകരും. നാം അതിന് അശ്രാന്തം പ്രവർത്തിക്കേണ്ടതുണ്ട്.

ആദിത്യൻ.എ
IX C

## ഞാൻ ജലത്തുള്ളി കവിത

ജലത്തുള്ളി ഞാൻ
അമൂല്യസ്വത്ത് ഞാൻ
കുടിനീരു ഞാൻ
വരണ്ടൊരീ ഭൂമിക്ക്
ദാഹനീരായിട്ടും ഞാൻ
ചേർത്തുപിടിക്കുവിൻ എന്നെ
നിൻ കൈക്കുമ്പിളിൽ
ഇറ്റു വീഴാതൊരു തുള്ളിയും
നാളത്തെ നിധിയായ്...
നാളേക്ക് ജീവനായി...



സൂരജ് അനിൽ കുമാർ
VIII C

---

## ജൈവ പ്ലാസ്റ്റിക്

ആധുനിക മനുഷ്യന്റെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു വസ്തുവായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. കണക്കുകൾ അനുസരിച്ച് ഏകദേശം 350 ദശലക്ഷം ടൺ ($3.50 x 10^8$ ടൺ) ആണ് ഇന്നത്തെ ആഗോള വാർഷിക പ്ലാസ്റ്റിക് ഉല്പാദനം. ഇവയിലേറയും ഇന്ന് കരയിലും കടലിലും മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നു.ദശാബ്ദങ്ങൾ കഴിഞ്ഞാലും ജീർണിക്കാത്തവയാണ് പ്ലാസ്റ്റിക്

മാലിന്യങ്ങൾ. എന്നിരിക്കിലും, നിരന്തരമായ സൗരതാപ പ്രക്രിയകളുടെ ഫലമായി വിഷവസ്തുക്കളായി മാറി നമ്മുടെ ഭക്ഷ്യശൃംഖലകളിൽ അവ എത്തുന്നുണ്ട്. ലോകത്തിലെ പ്രധാന സമുദ്രങ്ങളെല്ലാം ഇത്തരം വിഷവസ്തുക്കളാൽ മലീമസമാക്കപ്പെട്ടിരിക്കുന്നു. അതിനാൽ, കടലിലെ സൂക്ഷ്മജീവികൾ മുതൽ തിമിംഗലങ്ങൾ വരെ രൂക്ഷമായ വംശനാശ ഭീഷണി നേരിടുകയാണ്. പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ പ്ലാസ്റ്റിക് ഉല്പാദനപ്രക്രിയയിൽ അവിഭാജ്യ ഘടകമായതിനാൽ അതുവഴി സൃഷ്ടിക്കുന്ന ഊർജ്ജപ്രതിസന്ധിയും ചെറുതല്ല. പുനരുല്പാദനസാധ്യതയുള്ള ജൈവസ്രോതസ്സുകളായ സസ്യങ്ങൾ, മൃഗങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയിൽനിന്ന് ഉല്പാദിപ്പിക്കുന്നതോ ജൈവവിഘടനത്തിന് വിധേയമാകുന്നതോ കമ്പോസ്റ്റ് ആക്കാവുന്നതോ ആയ പ്ലാസ്റ്റിക്കുകളാണ് ജൈവപ്ലാസ്റ്റിക്കുകൾ. അന്നജം (starch) സസ്യഎണ്ണ, വൈക്കോൽ, ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം ജൈവപ്ലാസ്റ്റിക് ഉല്പാദിപ്പിക്കാവുന്നതാണ്. പോളി ലാക്ടിക് ആസിഡ് (PLA) പോളി ഹൈഡ്രോക്സി ബ്യൂട്ടറേറ്റ് (PHB) എന്നിവ ജൈവപ്ലാസ്റ്റിക്കുകളുടെ ഉദാഹരണമാണ്. ഒട്ടുമിക്ക പരമ്പരാഗത പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കും പകരംവെക്കാവുന്ന ജൈവപ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഇന്ന് ലഭ്യമാണ്. സാധരണ പ്ലാസ്റ്റിക് പോലെയോ അതിൽ കൂടുതൽ മികവുള്ളവയാണ് ജൈവപ്ലാസ്റ്റിക്കുകൾ . കുറഞ്ഞ കാർബൺ പാദമുദ്ര (Carbon footprint) , കമ്പോസ്റ്റിങ് എന്നിവ ഇതിന്റെ സവിശേഷതകൾ. വിവിധ പ്രകൃതിസ്രോതസ്സുകളുടെ ശോഷണവും അതുവഴിയുള്ള പാരിസ്ഥിതിക ആഘാതങ്ങളും നിലനില്ക്കുന്ന ഈ കാലത്ത് ജൈവ പ്ലാസ്റ്റിക് സാങ്കേതികവിദ്യ നല്കുന്ന പ്രയോജനം ചെറുതല്ല.

> **2025 ആകുമ്പോഴേക്കും 3കി.ഗ്രാം മത്സ്യത്തോടൊപ്പം 1കി.ഗ്രാം എന്ന നിരക്കിൽ പ്ലാസ്റ്റിക് കടലിൽ കാണപ്പെടുമത്രെ.**

ദേവ് നന്ദ് ജി.,IX C

## വിദ്വേഷവിത്തുകൾ വിതച്ചീടല്ലേ കവിത

വിദ്വേഷവിത്തുകൾ വിതച്ചീടല്ലേ,
വിനാശ വിപത്തുകൾ വിതറിടല്ലേ
വിന്ധ്യാ സത്പുരാ ഗംഗാ യമുനതൻ
വിഖ്യാതിയെ വികലമാക്കീടല്ലേ.

ദൈവത്തിൻ പേരിലെ പോരടിയോ?
മതത്തിൻ പേരിലെ തർക്കങ്ങളോ?
രക്തദാഹിയാം പിശാചിൻ കളികളോ?
എല്ലാം തകർക്കുന്നീ സൈ്വര്യ ജീവൻ.

മത ജാതി വിദ്വേഷമേതുമില്ലാത്തൊരു
നന്മകൾ പൂക്കുന്ന നല്ല നാളേക്കായി
മനമൊന്നായി മെയ്യൊന്നായി മുന്നേറിടാം;
നാടിന്റെ രക്ഷയ്ക്കായി കൈകോർത്തിടാം.

അദ്വൈത് എം നായർ
IX A

## അറിവിന്റെ ചെറുതുള്ളികൾ

>ഇംഗ്ലീഷ് ഭാഷയിലെ ഒറ്റ സിലബൾ പദങ്ങളിൽ ഏറ്റവും നീളംകൂടിയത് " Screeched " ആണ്.
>ലോകത്തിലെ ഏറ്റവും കൂടുതൽ ഉപയോഗത്തിലുള്ള പേര് 'മുഹമ്മദ്' എന്നതാണ്.
>ഭൂവല്കത്തിന്റെ $0.3x10^{-6}$ അംശം മാത്രമാണ് സ്വർണത്തിന്റെ അവസ്ഥിതി.
>കടുവകളുടെ ശരാശരി ആയുസ്സ് 11 വർഷമാണ്.
>എവറസ്റ്റ് കീഴടക്കാൻ ശ്രമിച്ച ആദ്യത്തെ വികലാംഗൻ

അമേരിക്കക്കാരനായ ടോം വിറ്റാക്കർ ആണ്.

>ചിത്രശലഭത്തിന്റെ
കണ്ണുകൾക്ക്
പന്ത്രണ്ടായിരത്തോളം
അറകളുണ്ട്.



അഭിഷേക് എം എസ്.
IX C

## എന്റെ വിദ്യാലയം  കവിത

എന്നും എന്റെ ഓർമ്മയിൽ വിരിയും
എൻ സ്നേഹവീടാണ് എന്റെ വിദ്യാലയം,
എന്റെ സ്വപ്നങ്ങൾ പൂവണിയിക്കും
ഈ സ്വർഗ്ഗ വിദ്യാലയം,

എന്നും എന്റെ സൗഹൃദത്തിന്റെ
കലവറയാണ് എന്റെ വിദ്യാലയം,

നല്ല പാഠങ്ങൾ എന്നെ പഠിപ്പിച്ച
പുണ്യമാണ് എന്റെ വിദ്യാലയം,
എന്റെ ഹൃദയത്തിൽ എന്നും സൂക്ഷിക്കും
ഈ കൊച്ചു വിദ്യാലയം.
ദേവപ്രിയ
IX C

## നമ്മുടെ പതാകയുടെ കൂട്ടുകാർ

ആഫ്രിക്കൻ രാജ്യമായ നൈജറിന്
ഇന്ത്യയുമായി മറ്റാർക്കുമില്ലാത്ത
ഒരു ബന്ധമുണ്ട്. എന്താണെന്നോ?

നൈജറിന്റെ പതാകയിലെ നിറങ്ങൾ

എകദേശം നമ്മുടെ പതാകയിലേതുപോലെയാണ്!
നമ്മുടെ പതാകയിലെ കുങ്കുമ നിറം പോലെയുള്ള ഓറഞ്ച് ആണ് നൈജർ

പതാകയിൽ മുകളിൽ. നടുവിൽ വെള്ള

താഴെ പച്ച !നടുവിൽ  ഓറഞ്ച് നിറത്തിൽ

ഒരു വട്ടവും!



ഐവറി കോസ്റ്റ് , അയർലൻഡ്
എന്നിവയുടെ പതാകകൾക്കും
ഏകദേശം  ഇതേ നിറത്തിൽ

കുത്തനെയാണ് എന്നമാത്രം .

ശ്രേയസ് യു.

IX C

## ഞാൻ — കവിത

പല പല നാളുകൾ ഞാനൊരു പുഴുവായി പവിഴക്കൂട്ടിലുറങ്ങി
ഇരുളും വെട്ടമറിയാതങ്ങനെ ഇരുന്ന നാളുകൾ നീക്കി
അരളിച്ചെടിയുടെ ഇലതന്നടിയിൽ അരുമക്കിങ്ങിണി
പോലെ
വീശും കാറ്റത്തിളകിത്തുള്ളി വീഴാതങ്ങനെ നിന്നു
ഒരുനാൾ സൂര്യനുദിച്ചുണരുമ്പോൾ വിടരും ചിറകുകൾ
വീശി
പുറത്തു വന്നു അഴകുതുടിക്കും പൂമ്പാറ്റത്തളിരായി
വിടർന്നു വിലസും പനിനീർപ്പൂവിൻ പറന്നു
പറ്റിയിരുന്നു
പൂവിൻ തുള്ളും പൂവതുപോലെ പൂന്തേനുണ്ടു കഴിഞ്ഞു.



അലീനാ കൃഷ്ണൻ.

IX C

## ആലപ്പുഴയുടെ ചരിത്രം

ആലപ്പുഴയുടെ ചരിത്രത്തിൽ പ്രധാന്യമുള്ള സ്വതന്ത്രരാജ്യമാണ് ചെമ്പകശ്ശേരി . കുടമാളൂർ, അമ്പലപ്പുഴ, കുട്ടനാട് താലൂക്ക് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന പഴയ നാട്ടുരാജ്യമായിരുന്ന ഇത് . 16 ാം ശതകത്തിലാണ് ചെമ്പകശ്ശേരി



നാട്ടുരാജ്യമാകുന്നത്. 1528 -ൽ പോർച്ചുഗീസുകാരുടെ ആക്രമണത്തെ തുടർന്ന് ഇതിന്റെ തലസ്ഥാനം അമ്പലപ്പുഴയിലേക്ക് മാറ്റി.1615 -ൽ ഭരണമേറ്റ പൂരാടം തിരുനാൾ ദേവനാരയണൻ തമ്പുരാൻ ആയിരുന്ന ചെമ്പകശ്ശേരിയിലെ ഏറ്റവും പ്രശസ്തനായ രാജാവ്. പിന്നീട് 1753 -ൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി കീഴടക്കി വേണാടിനോട് ചേർത്തു . മാർത്താണ്ഡവർമ്മ വരുന്ന കാലത്ത് ചെമ്പകശ്ശേരിയിലെ സദസ്യനായിരുന്ന കുഞ്ചൻ നമ്പ്യാർ . കൊല്ലം ജില്ലയുടെയും കോട്ടയത്തിന്റെയും ഭാഗങ്ങൾ ചേർത്ത് 1957 ഓഗസ്റ്റ് 17 – നാണ് ഇന്നത്തെ ആലപ്പുഴ ജില്ല രൂപീകരിച്ചത്.

-അഭിഷേക് എം എസ്സ്
IX C

## കുസൃതിചോദ്യങ്ങൾ

1.Wednesday- യ്ക്ക് മുമ്പ് Thursday വരുന്നതെവിടെ?
2.ഒരു ദിവസം എത്ര ഷേവ് ചെയ്താലും താടിയും മീശയും ഉള്ള ആൾ ആരാണ്?
3.ഒരു കവലയുടെ ഒരു ഭാഗത്തു നിന്ന് ലോറിയും മറു ഭാഗത്തു നിന്ന് കാറും എതിർ വശങ്ങളിൽ നിന്ന് ബസ്സും കാളവണ്ടിയും വരുന്നു.ഇവിടെ എന്തു നടക്കും?
4.വെറും വയറ്റിൽ എത്ര പഴം കഴിക്കാം?

5.പണം ഇരട്ടിക്കാൻ എളുപ്പ വഴി എന്താണ്?

6.തിരക്കുള്ള റോഡിലൂടെ ഒരു ഡ്രൈവർ സഞ്ചരിക്കുന്നത് wrong way യിൽ കണ്ടിട്ടും ട്രാഫിക് പോലീസ് ഒന്നും പറഞ്ഞില്ല.എന്തുകൊണ്ട്?

7.അമ്പതു വർഷം മുമ്പുള്ള അഞ്ചുരൂപ ഇന്നത്തെ എത്ര രൂപയാണ്?

8.രണ്ടമ്മമാർക്കും രണ്ടു പെൺമക്കൾക്കും കൂടെ 21 പശുക്കളുണ്ട്.അവർ ആ പശുക്കളെ തുല്യമായി ഭാഗിച്ചു. എങ്ങനെ?

9.എല്ലാവർക്കും വിളമ്പി നല്കുകയും, സ്വയം കഴിക്കാതിരിക്കുകയും ചെയ്യുന്നതാര്?

10.നിങ്ങളുടെ സ്വന്തമെങ്കിൽ പോലും ഏറ്റവും കൂടുതൽ തവണ മറ്റുള്ളവരാൽ ഉപയോഗിക്കപ്പെടുന്നത് എന്താണ്?

ഐശ്വര്യ ജെ
IX C

## കടംകഥകൾ

1.കോലോട് പറഞ്ഞത് കോളാമ്പി പറയും.

2.താഴെ കുത്തിയാൽ തലയ്ക്ക് പാട്.

3.അരയോളം നീറ്റിൽ നിന്നഴകുള്ള മക്കളെ പെറ്റു,
മക്കളകത്തും അമ്മ പുറത്തും.

4.വാലില്ലാത്തമ്മയും വാലുള്ളമക്കളും.

5.ചെറുതിരിയൊന്നിൽ ചെറുമണി കരുമണി.

വന്ദനാ ബി.
IX A

## കാക്ക — കവിത

ഏറെത്തെളിയാത്ത നേരത്ത് വീടിന്റെ

ചാരത്ത് വന്ന കാറിക്കരയുമ്പോൾ

ചപ്പുചവറുകൾക്കുള്ളിലും തൊടിയിലെ

ചത്ത ജീവിതൻ മരവിച്ച മാറിലും

കൊത്തിയെന്തൊക്കെയോ വാരിവലിച്ചിട്ട്

കത്തും വിശപ്പ് പതുക്കെയകറ്റുവോൾ

വേലക്കാരികളെത്തുന്നതിന് മുമ്പ്

വേലകൾ തീർത്ത് വേഗം മടങ്ങുവോൾ

നാടിനുപകാരിയാണെങ്കിലുമിവൾ

നാട്ടുകാർക്കിപ്പോഴും കണ്ടുകൂടാത്തവൾ

കുഞ്ഞിക്കഥകളിലിന്നും മുഴങ്ങുന്ന

കള്ളക്കാക്ക തന്നായിരം കുറ്റങ്ങൾ.

കല്ലെറിയുന്നു, കവണയുമായിച്ചിലർ

സൊല്ലക്കാക്കേ,യകലേക്കു പോയാലും

പൊള്ളും വാക്കുകൾ കേൾക്കുമ്പോൾ,

നിൻ ഉള്ളം നീറുകയില്ലേ കാക്കേ?

ഐറിൻ റോസ് സിജു

IX C

## ഉത്തരം

### കുസൃതിചോദ്യങ്ങൾ

1.ഇംഗ്ലീഷ് ഡിക്ഷ്നറിയിൽ.

2.ബാർബർ

3.കാള

4.ഒന്ന്(ഒരു പഴം തിന്നുമ്പോഴേക്കും വെറും വയറല്ലാതാകും.)

5.കണ്ണാടിക്കുമുമ്പിൽ വക്കുക.

6.ഡ്രൈവർ നടന്നു പോകുകയായിരുന്നു.

7. അഞ്ചു രൂപ തന്നെ(മൂല്യം മാത്രമേ മാറുകയുള്ളൂ).

8.അമ്മ,മകൾ,മകളുടെ മകൾ എന്നിവരാണങ്കിലും രണ്ടമ്മയും രണ്ടു പെൺമക്കളും ആകും. അപ്പോൾ ഒരാൾക്ക് 7 പശുക്കൾ കിട്ടും.

9.തവി

10.നിങ്ങളുടെ പേര്.

**കടംകഥകൾ**





1.ഉച്ചഭാഷിണി

2.ടൈപ്പ്റൈറ്റർ

3.നെല്ലും വൈക്കോലും

4.തവളയും വാൽമാക്രിയും

5.കുരുമുളക്

## സമ്മാനപ്പൊതി

രാവിതെ അപ്പു കുറച്ചു നേരത്തെ ഉറക്കം എഴുന്നേറ്റു. ശനിയാഴ്ച്ച സാധാരണ പതിവുള്ളതല്ല ഇത്ര നേരത്തെ ഉള്ള എഴുന്നേൽപ്പ്. എന്താടാ രാവിലെ സ്കൂളിൽ പോണന്നു കരുതി എഴുന്നേറ്റതാണോ. ഇന്നു ശനിയാഴ്ച്ചയാ, മോൻ ഉറങ്ങിക്കോ,അമ്മ പറഞ്ഞു.അവൻ ഒന്നും മിണ്ടിയില്ല.ഒരു ചടങ്ങിനെന്നപോലെ ഉമിക്കിരി എടുത്തു പല്ലൊന്നു വെളുപ്പിച്ചു. ബക്കറ്റിൽ ഇരുന്ന വെള്ളമെടുത്ത് വായും മുഖവും ധൃതിയിൽ കഴുകി.



"അമ്മേ ഞാൻ പോവാ."
"എങ്ങോട്ടാ കഴിച്ചിട്ടു പോ അപ്പു."
"വിശപ്പില്ലമ്മേ. വന്നിട്ടു കഴിക്കാം.”
"പറയുന്നത് കേൾക്ക് അപ്പു.”

അവർ പുറത്തേക്ക് വന്നപ്പോഴേക്കും അവൻ ഇറങ്ങി നടന്നിരുന്നു.
ഇത്ര തിരക്ക് പിടിച്ച് ഈ ചെറുക്കൻ ഇതെങ്ങോട്ടാ, അവർ ആലോചിച്ചു.

ഹോട്ടലുകളിൽ പാത്രം കഴുകിയും തൂത്തുവാരിയും മറ്റുമാണ് ശാന്തി അവനെ വളർത്തുന്നത്.അവന് പതിനൊന്ന് വയസ്സുണ്ട്. അമ്മയുടെ കഷ്ടപ്പാടുകൾ അവന് നന്നായി അറിയാം.ഇന്നുവരെ ഒന്നിനും അവൻ വാശി പിടിച്ചിട്ടില്ല. ആഗ്രഹങ്ങൾ അമ്മയോട് പറയാറുമില്ല.അമ്മയുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാൻ പ്രായത്തിൽ കവിഞ്ഞപക്വത അവനുണ്ട്.

അപ്പുവിന് ആഹാരം എടുത്ത് വച്ചിട്ട് ശാന്തി ജോലിക്കിറങ്ങി.

സമയം ഉച്ചയ്ക്ക് ഒന്നരയായി. ശാന്തി തന്റെ ഉണ് പൊതിയെടുത്തു. അപ്പോഴാണ് ലളിത ചേച്ചിടെ ഫോൺ. ശാന്തി ജോലി ചെയ്യുന്ന ഹോട്ടലിൽ നിന്ന് വളരെ അകലെ അല്ല ലളിതചേച്ചിടെ ജോലിസ്ഥലം. "ശാന്തിയെ നീ ഹോട്ടലിലാണോ"

"അതെ ചേച്ചി, എന്തേ?”
"നീ വേഗം ആശുപത്രിയുടെ അടുത്തേക്ക് വന്നേ"
"എന്തേ ചേച്ചി. കഴിച്ചിട്ട് വരാം"
"പിന്നെ കഴിക്കാം, നീ ഒന്നു വേഗം വാ ശാന്തിയെ"
"ചേച്ചി കാര്യം പറ. അപ്പോഴേക്കും ലളിത ചേച്ചി ഫോൺ കട്ട് ചെയ്തു.”
"ഊണ് പൊത് മടക്കി വെച്ച് ശാന്തി പുറത്തേക്കിറങ്ങി"

ശാന്തിയുടെ മനസ്സിൽ ഭയം മുളപ്പൊട്ടി. പതിവില്ലാത്ത ഒരു ഫോൺ വിളിയാണ്.

എന്താ പ്രശ്നം എന്നെങ്കിലും ഒന്ന് പറഞ്ഞിരുന്നെ ആശ്വാസം ആയേനെ. ഈശ്വര ഇനി അപ്പന് എന്തെങ്കിലും. ഒരായിരം ചോദ്യങ്ങൾ ശാന്തിയുടെ മനസ്സിൽ സഞ്ചരിച്ചു. ശാന്തി ഒരു വിധം ഓടി കിതച്ച് ചേച്ചിയുടെ അടുത്തെത്തി.

എന്താ ലളിത ചേച്ചി ഇനിയെങ്കിലും കാര്യം പറ.

ആശുപത്രിയുടെ അടുത്ത്  ഒരു ചെറിയ തുണിക്കടയിലേക്ക് ലളിത അവളെ കൊണ്ടുപോയി. അവിടെ ഒരു ചെറിയ ആൾക്കൂട്ടമുണ്ട്. ശാന്തി അവിടേക്ക് ചെന്ന് നോക്കിയപ്പോൾ നടുക്ക് അപ്പു നിന്ന് കരയുന്നുണ്ട്.

"എന്താ മോനെ എന്ത് പറ്റി. പരിഭ്രാന്തിയോടെ ശാന്തി ചോദിച്ചു.”
"നിങ്ങൾ ആരാ ഈ കൊച്ചിന്റെ. അവന്റെ അടുത്തു നിന്ന ഒരു മധ്യവയസ്കൻ ചോദിച്ചു.”
"എന്റെ മോനാ സാറെ. എന്തു പറ്റി. എന്താ കാര്യം.”

ഈ ചെറു പ്രായത്തിൽ മോഷണം പഠിപ്പിച്ചു വെച്ചേക്കുവാണോ ചെക്കനെ. ദേ തുണിക്കടയിൽ വച്ചിരുന്ന സാരി അടിച്ചോണ്ട് പോകാൻ നോക്കി. എന്റെ പണിക്കാര് കണ്ടു കള്ളനെ കയ്യോടെ പിടിച്ചു. ഞാൻ ഈ കടേടെ മുതലാളിയാ. ഇവനെ ഒക്കെ ഇപ്പഴെ പോലീസിനെ കൊണ്ട് പാഠം പഠിപ്പിച്ചാലെ നന്നാവുള്ളു.

അയാൾ ആക്രോശിച്ചു.

അയ്യോ സാറെ പോലീസനെ ഒന്നും വിളിക്കല്ലെ. എനിക്ക് അറിയാവുന്നവരാ. ഞങ്ങൾ അപ്പുറത്തെ കോളനിയിൽ താമസിക്കുന്നവരാ. അവൻ അങ്ങനെയൊന്നും ചെയ്യുന്ന കുട്ടിയല്ല. എന്തോ അബദ്ധം പറ്റിയതാ സാറെ. ക്ഷെമിക്കണം. ലളിതേച്ചി കൈ കൂപ്പി പറഞ്ഞു.

രാവിലെ കുറെ നാണയത്തുട്ടുമായിട്ട് സാരി വേണംന്ന് പറഞ്ഞ് വന്നതാ. ഈ കാശിന്

കിട്ടില്ലെന്ന് പറഞ്ഞതാ. ആൾക്കൂട്ടത്തിനിടയിൽ തന്റെ മകൻ നില്ക്കുന്നത് കണ്ട് ശാന്തിയുടെ മനസ്സിൽ എന്തെന്നില്ലാത്ത സങ്കടവും ദേഷ്യവും വന്നു.

"എന്തിനാടാ മോഷ്ടിച്ചത്", ശാന്തി ചോദിച്ചു.

പേടിച്ചരണ്ട് നിന്ന അപ്പുന് ഒന്നും മിണ്ടാൻ സാധിച്ചില്ല. കരയുക മാത്രം ചെയ്ത് അവൻ അങ്ങനെ നിന്നു.

"ചോദിച്ചാൽ എന്താടാ ഉത്തരം പറയാത്തെ?"

കരച്ചിൽ അടക്കാനാകാതെ ശാന്തി അവനെ പൊതിരെ തല്ലി.കള്ളനാകാനാണോടാ നിന്നെ ഞാൻ ഇത്രയും വളർത്തിയത്. പറയടാ. അവൾ എല്ലാ ദേഷ്യവും അവന്റെ കുരുന്ന് ശരീരത്തിൽ തല്ലി തീർത്തു.ലളിത ശാന്തിയെ പിടിച്ചുമാറ്റി.

തല്ലി കൊല്ലാതെ മോളെ അവനെ. അവൻ കുഞ്ഞല്ലെ.

സത്യം പറയാതെ ഞാൻ വിടില്ല ഇവനെ. ചേച്ചിക്ക് അറിയില്ലെ എന്റെ കഷ്ടപ്പാടുകൾ. മാനം കളയാനായിട്ട്. അവൾ കരഞ്ഞു.

ആൾക്കൂട്ടം പിരിഞ്ഞു തുടങ്ങി.

മോനെ സത്യം പറ. എന്തിനാ അത് എടുത്തത്. ലളിതാമ്മയോട് പറ. ലളിത അവനെ തലോടിക്കൊണ്ട് ചോദിച്ചു.
മോൻ കരയാതെ. അമ്മ വന്നില്ലെ. പറ അവന്റെ കണ്ണുനീർ തുടച്ചുകൊണ്ട് അവർ ചോദിച്ചു.

അവൻ പതിയെ പറഞ്ഞു തുടങ്ങി ലളിതാമ്മ അല്ലേ പറഞ്ഞെ അമ്മേടെ പിറന്നാളാ അടുത്ത ആഴ്ച്ചേന്ന്. അമ്മയ്ക്ക് സമ്മാനം വാങ്ങാൻ വന്നതാ. കൂട്ടുകാർ എല്ലാം അമ്മമാർക്ക് സമ്മാനം കൊടുക്കും. അപ്പു മാത്രം കൊടുത്തിട്ടില്ല. ഇത്തവണത്തെ

പിറന്നാളിന് അമ്മക്ക് സമ്മാനം മേടിക്കാൻ വന്നതാ. എന്റെ കുടുക്കേലെ മുഴുവൻ പൈസയും ഈ മാമ്മന് കൊടുത്തു സാരി മേടിക്കാൻ. ഈ പൈസക്ക് കിട്ടില്ലന്ന് പറഞ്ഞ് എന്നെ പറഞ്ഞുവിട്ടു. കൈയ്യിലെ പ്ലാസ്റ്റിക് കൂടിൽ
കുറെ ചില്ലറ തുട്ടുകളുമായി അവൻ അയാളെ നോക്കി.

അമ്മയ്ക്ക് സമ്മാനം കൊടുക്കണംന്ന് കുറെ നാളായിട്ട് ആഗ്രഹിച്ചതാ. കിട്ടില്ലന്ന് പറഞ്ഞപ്പോൾ വിഷമമായി. അപ്പൂന് കരച്ചിൽ അടക്കാൻ സാധിച്ചില്ല. ലളിതേച്ചി ശാന്തിയെ ഒന്ന് നോക്കി. അല്പനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. കടക്കാരനും അകത്തേക്ക് കയറി പോയി.

വാ നമ്മുക്ക് വീട്ടിലേക്ക് പോകാം ലളിതേച്ചി പറഞ്ഞു വാ ശാന്തി

അവർ വീട്ടിലേക്ക് നടന്നു. ഇനി കുഞ്ഞിനെ ഒന്നും ചെയ്യരുത് ശാന്തിയെ. അവൻ നല്ലപോലെ പേടിച്ചിരിക്കുവ. ശാന്തിയെയും അപ്പുനെയും വീട്ടിൽ വിട്ടിട്ടു ലളിതേച്ചി നടന്നു.

അപ്പൂന്റെ കരച്ചിൽ മാറിയിട്ടില്ല. ശാന്തിക്കും അവന്റെ മുഖം കണ്ടപ്പോൾ സങ്കടം തോന്നി.

മോൻ കരയണ്ട അപ്പോ അമ്മക്ക് വിഷമം വന്നിട്ട് തല്ലി പോയതാ. എന്റെ അപ്പുനേ ആരേലും കള്ളൻ എന്ന് വിളിച്ചാൽ അമ്മക്ക് സഹിക്കില്ല. അവന്റെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്തിട്ട് ശാന്തി പറഞ്ഞു.

അമ്മക്ക് സമ്മാനം മേടിക്കണമെന്ന് ഒത്തിരി നാളായി ആഗ്രഹിച്ചതാ. ഇനി അടുത്ത പിറന്നാളിന് മേടിച്ച് തരാം ആഗ്രഹങ്ങളൊന്നും ഇല്ലാത്ത അപ്പൂന്റെ കൊച്ചു ജീവിതത്തിൽ ഇങ്ങനെ ഒരു ആഗ്രഹം ഉണ്ടെന്നു അറിഞ്ഞ ശാന്തിക്ക് അവനോട് വല്ലാത്തൊരു വാത്സല്യം തോന്നി.
സാരമില്ല മോൻ വിഷമിക്കേണ്ട. അതിനല്ലേ മോനെ സ്കൂളിൽ വിടുന്നത്. പഠിച്ച്

വലിയ ജോലി ഒക്കെ വാങ്ങിയിട്ട് അമ്മക്ക് സമ്മാനം വാങ്ങി തന്നാൽ മതി കേട്ടോ. ഒരിക്കലും മോഷ്ടിക്കരുത് അവൾ അവനെ തലോടിക്കൊണ്ട് പറഞ്ഞു.

രാത്രിയിൽ അപ്പുനെ ഉറക്കിയിട്ട് ശന്തിക്ക് ഉറക്കം വരുന്നില്ല. ആഗ്രഹങ്ങളൊന്നും ഇല്ലാത്ത അവന് ഈ ഒരു ചെറിയ ആഗ്രഹം നടക്കാതെ പോയത് ഒരു പക്ഷെ താങ്ങാൻ കഴിഞ്ഞു കാണില്ല. അവന്റെ ശരീരത്തിലെ അടിയുടെ പാടുകൾ തടവി ശാന്തി ഇരുന്നു. പാവം കുട്ടിയാണ് അവൻ. രാവിലെ ആഹാരം പോലും കഴിക്കാതെ ഒന്നും പറയാതെ രാവിലെ ഓടി പോയത് എന്തു പ്രതീക്ഷയോടെ ആകും അവൻ. അത് കിട്ടില്ലെന്ന് അറിഞ്ഞപ്പോ എന്റെ കുഞ്ഞിന്റെ മനസ്സ് ഇടറിക്കാണും. അവന്റെ ആവിശ്യങ്ങൾ ഇന്ന് വരെ ഒരു കള്ളവും പറഞ്ഞിട്ടില്ല. ശാന്തിക്ക് കരച്ചിൽ അടക്കാൻ സാധിച്ചില്ല.

ഓരോന്നും ആലോചിച്ചും കരഞ്ഞും ശാന്തി എപ്പോഴോ ഉറങ്ങി പോയി.

രാവിലെ കതകിലാരോ മുട്ടുന്നത് കേട്ടാണ് ശാന്തി ഉണരുന്നത്. ആ ശബ്ദം കേട്ട് അപ്പുവും എഴുന്നേറ്റു.

ആരാണ് നോക്കട്ടെ അമ്മ. ശാന്തി എഴുന്നേറ്റ് കതക് തുറന്നു. ആരാണ് വന്നതെന്ന് ശന്തിക്ക്  പെട്ടെന്ന് മനസ്സിലായില്ല.

ഞാൻ ഇന്നലെ................ആ തുണിക്കടേടെ..........അയാൾ പറഞ്ഞു

ശാന്തി ഒന്നു പേടിച്ചു. എന്താ സാറെ കാര്യം

അപ്പോഴേക്കും അപ്പുവും പുറത്തെത്തി. അയാളെ കണ്ടപ്പഴെ അപ്പു അമ്മയുടെ പിറകിൽ ഒളിച്ചു.

മോൻ പേടിക്കേണ്ട മാമൻ വഴക്കു പറയാൻ വന്നതല്ല.അയാൾ ചിരിച്ചുകൊണ്ട്

പറഞ്ഞു.
രാത്രിയിൽ ഉറങ്ങാൻ പറ്റുന്നില്ല. ഒരു കുഞ്ഞിനെ ഇത്രയും ആളികളുടെ മുന്നിൽ വച്ച് അപ്പോഴത്തെ ഒരു ദേഷ്യത്തിന് എന്തൊക്കെയോ പറഞ്ഞു. ക്ഷമിക്കണം.
മോൻ പോയി കഴിഞ്ഞ് മാമൻ നോക്കിയപ്പോഴാ മോന്റെ പൈസക്ക് കിട്ടുന്ന സാരി അവിടെ ഇരിക്കുന്നത് കണ്ടത്. അതാ രാവിലെ ഇങ്ങോട്ടു കൊണ്ടുവന്നത്. ദാ ഇതാ നോക്കിയെ.നല്ലതാണോ? തന്റെ കൈയ്യിലിൽ ഇരുന്ന ഒരു കവർ അപ്പുവിന് കൊടുത്തു അയാൾ ചോദിച്ചു. അപ്പു അതിലേക്ക് നോക്കി. ഒരു സാരി.
ഉറക്കച്ചടവ് മാറാത്ത ആ കുഞ്ഞു മുഖത്ത് ഒരു ചെറിയ ചിരി വിടർന്നു.ഇതൊന്നും വേണ്ട സാറേ ശാന്തി അയാളോട് പറഞ്ഞു.

അങ്ങനെ പറയരുത്. ഇന്നലെ ഇവന്റെ കണ്ണുനീര് കണ്ടപ്പോ മുതൽ ഒരു സമാധാനവുമില്ല. അതാ ഈ കോളനിയിലൊണന്ന് ആ ചേച്ചി പറഞ്ഞതനുസരിച്ച് വീടന്വേഷിച്ച് വന്നത്. എങ്കിൽ ഞാൻ പോകട്ടെ

മോനെ മാമൻ പോവാണ്. അയാൾ അപ്പുവിന്റെ തലയിൽ തൊട്ടുകൊണ്ട് പറഞ്ഞു.

അപ്പുവിന്റെ മുഖത്തെ അത്ഭുതം ഇപ്പോഴും മാറിയിട്ടില്ല. അയാൾ നടന്നകന്നു. കുറച്ചുകഴിഞ്ഞപ്പോൾ പുറകിൽ നിന്നും ഒരു വിളി. മാമാ

അത് അപ്പുവാണ് എന്താ മോനെ?

പൈസ തരാൻ മറന്നു. മുഷിഞ്ഞ പ്ലാസ്റ്റിക് കവറിലെ നാണയ തുട്ടുകൾ അവൻ നീട്ടി

അയാൾ സ്നേഹത്തോടെ അവന്റെ കവിളിൽ നുള്ളി. അമ്മയുടെ പിറന്നാളല്ലെ. അമ്മയുടെ പിറന്നാളല്ലേ. മിഠായി വാങ്ങാം. അയാൾ നടന്നകന്നു. അപ്പുവിന് മനസ്സുനിറയെ സന്തോഷമായി.അവൻ അയാൾ നടന്നകലുന്നത് നോക്കി നിന്നു.
അജി ഈപ്പൻ
മലയാളം അധ്യാപിക.

## നന്മൊഴി മുത്തുകൾ



നിങ്ങൾക്ക് തെറ്റുകൾ പറ്റുന്നില്ലെങ്കിൽ നിങ്ങൾക്കു ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നർത്ഥം.

- മാർവ കോളിൻസ്

ദൈവം സ്വർഗ്ഗത്തിലുമില്ല പാതാളത്തിലുമില്ല

പാതാളത്തിലുമില്ല. ഭൂമുഖത്തെ മനുഷ്യസേവനങ്ങളിൽകൂടി ഞാൻ ദൈവത്തെ കാണുന്നു.

- മഹാത്മാ ഗാന്ധി



കാറ്റിനൊപ്പമല്ല കാറ്റിന് എതിരായാണ് പട്ടം ഉയരങ്ങൾ പ്രാപിക്കുന്നത്.

- വിൻസ്റ്റൻ ചർച്ചിൽ



ചിന്തയ്ക്ക് വിധേയമാകാത്ത വായന ദഹിക്കാതെ വിസർജിക്കുന്ന ആഹാരം പോലയാണ്.

- എഡ്മണ്ട് ബർക്ക്

പരാജയം ഒരു കുറ്റമല്ല എന്നാൽ, പരാജയത്തിൽ നിന്ന് പാഠം പഠിക്കാതിരിക്കുന്നത്

ഒരു കുറ്റം തന്നയാണ്.

- വാൾട്ടർ റിസ്റ്റൺ



ഒരു പുതിയ പദ്ധതിയുമായല്ല, വ്യക്തമായ പ്രവർത്തിയുമായാണ് ജീവിതത്തിൽ ഏതു കാര്യവും ആരംഭിക്കേണ്ടത്

- ഫ്ളോറൻസ് നൈറ്റിംഗേൽ


ഉറക്കത്തിൽ  കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുന്നതാണ് യഥാർത്ഥ സ്വപ്നം.



- അബ്ദുൾ  കലാം


ശ്രമത്തിലാണ് ഫലപ്രാപ്തിയില്ല സംതൃപ്തി ഉളവാകുന്നത് സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു.

- മഹാത്മ ഗാന്ധി



രാജാവിൽ നിന്നു വിനയവും പണ്ഡിതരിൽ നിന്നു വാക്സാമർദ്ധ്യവും ചൂതാട്ടക്കാരിൽ നിന്നു അസത്യവും

സ്ത്രീകളിൽ നിന്നു കൗശലവും പഠിക്കാം.



-ചാണക്യൻ

സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ



ദൗർബല്യമെങ്കിൽ


നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ.

-എബ്രഹാം ലിങ്കൻശത്രുവിനെ പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി

സ്നേഹത്തിന് മാത്രമേയുള്ളു ...

v

-മാർട്ടിൻ  ലൂഥർ  കിംഗ്  ജൂനിയർ



മറ്റുള്ളവർ നിങ്ങൾക്ക് നേരെ കല്ലെറിയുന്നെങ്കിൽ നിങ്ങൾ അവയെ നാഴികക്കല്ലുകളാക്കി മാറ്റുക.

-സച്ചിൻ തെൻഡുൽകർ

വികാരപരമായി കറുപ്പ് ഒരുമോശം നിറമാണ്...
എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ
ജീവിതം ശോഭനമാക്കുന്നത്.
- എ .പി . ജെ . അബ്ദുൾ കലാം

അഞ്ജലി കൃഷ്ണ വി
IX B

## ഗുണനം എളുപ്പത്തിൽ

ഒരു സംഖ്യയെ 15 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ കൂടെ അതിന്റെ പകുതി കൂട്ടി വലത്തു വശത്ത് 0 ചേർത്താൽ മതി.

ഒരു സംഖ്യയെ 9 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലത്തു വശത്ത് 0 ചേർത്ത് ആ സംഖ്യ കുറയ്ക്കണം.

ഒരു സംഖ്യയെ 11 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലത്ത വശത്ത് 0 ചേർത്ത് ആ സംഖ്യ കൂട്ടണം.

ഒരു സംഖ്യയെ 5 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലത്തു വശത്ത് 0 ചേർത്ത് 2 കൊണ്ട് ഹരിക്കുക.

**വരച്ച് ഗുണിക്കാം**

13x23 എത്രയന്ന് കണ്ടുപിടിക്കാം?



*13 ലെ ആദ്യത്തെ അക്കം 1. ഒരു വര വരയ്ക്കുക
*13 ലെ രണ്ടാമത്തെ അക്കം 3. താഴെ

കാണിച്ചിരിക്കുന്നതുപോലെ 3 വരകൾ വരക്കുക.

*23 ലെ ആദ്യത്തെ അക്കം 2

*23 ലെ രണ്ടാമത്തെ അക്കം 3.


*വരകൾ കൂട്ടിമുട്ടുന്നടുത്ത് കുത്തിടുക.

*ചുവടെ കാണിച്ചിരിക്കുന്ന പോലെ

കുത്തുകളുടെ എണ്ണം കണക്കാക്കുക.

2, (3+9), 9
2, 9, 9
അപ്പോൾ, 13x23=299
അപ്പോൾ കുത്തുകളുടെ എണ്ണം

രണ്ടക്കമായാലൊ? ചിന്തിച്ചു നോക്കു.



ആദിത്യൻ എ

IX C

## എല്ലാം അലിയിക്കുന്നത്

പാട്ടു തുടങ്ങി. ചുറ്റുപാടുകൾ മറന്നു. സംഗീതത്തിനു വേണ്ടി ജീവിതം സമർപ്പിച്ച ഷഡ്കാല ഗോവിന്ദമാരാണ് പാടുന്നത് .ജിവിതംതന്നെ സംഗിതമാക്കിയകരാജസ്വാമികളാണ് കേൾവിക്കാരൻ ഒപ്പം ശിഷ്യന്മാരുണ്ട പാട്ടുകാരൻ ലയിച്ചുപാടുന്നു. കേൾവിക്കാർ രസിച്ചു കേൾക്കുന്നു ത്യാകരാജസ്വാമികളെ കാണാൻ വന്നതാണ് ഷഡ്കാലഗോവിന്ദമാരാർ .കാറ്റുപോലെ അലയുന്ന മാരാരിൽനിന്ന് സംഗീതമഴ പെയ്യാറുണ്ട് തകരാജസ്വാമികൾ മാരാരെ സ്വീകരിച്ചു രാത്രിയാണ് പാട്ടുതുടങ്ങിയത്. എപ്പോഴോ മാരാർ പ്രഭാതത്തിൽ പാടാറുള്ള ഭൂപാളരാഗം പാടാൻ തുടങ്ങി രാത്രി കഴിയാതെ എങ്ങനെയാണ് ഈ രാഗം



പാടുന്നത്?ശിഷ്യന്മാർ സംശയം ചോദിച്ചു എന്റെ തൊണ്ടയ്ക്കു തെറ്റാറില്ല മാരാർ ആത്മവിശ്വാസത്തോടെ പറഞ്ഞു. ജനാലകൾ തുറന്നപ്പോൾ വെളിച്ചം പരന്നുതുടങ്ങിയിരിക്കുന്നു ! "എന്തരോ മഹാനുഭാവലു" എല്ലാം മറന്ന് ത്യാകരാജസ്വമികൾ പാടിത്തുടങ്ങി.

ശ്രേയസ് യു.

IX C

## കുഞ്ഞിക്കിളിയുടെ ദുഃഖം കഥ

അമ്മക്കിളി കുഞ്ഞുങ്ങളെ കുളക്കടവിലിരുത്തി. എണ്ണ തേപ്പിച്ചു കുളിപ്പിച്ചു. ഇളംവെയിലുകൊണ്ട് തല തോർത്തി. പിന്നെ മൂർദ്ധാവിൽ ഉമ്മവെച്ച് ആകാശത്തിലേക്ക് “വോ” എന്ന് പറത്തി വിട്ടു. അമ്മ കഥ പറഞ്ഞവസാനിപ്പിച്ചു. എന്നിട്ടോ? ഉണ്ണിയുടെ പതിവുചോദ്യം കേള്ക്കാത്തപ്പോഴാണ് അമ്മ അത് ശ്രദ്ധിച്ചത്. ഉണ്ണിയുടെ കണ്ണുകള് നിറഞ്ഞ് തുളുമ്പുന്നു. എന്തുപറ്റി എന്റെ കണ്ണന്? അമ്മയുടെ മനസ്സു പിടച്ചു. കുഞ്ഞിക്കിളികള്ക്ക് ഇനി അമ്മക്കിളിയെ കാണാൻ പറ്റുമോ അമ്മക്കിളിക്ക് കുഞ്ഞിക്കിളിയോളം ഉണ്ണി വിതുമ്പി. അരുമക്കുഞ്ഞുങ്ങളെ വിശാലമായ ലോകത്തേക്ക് പറത്തിവിട്ട അമ്മമാരുടെ സങ്കടം ആ ഒരു നിമിഷത്തിൽ അമ്മയുടെ മനസ്സിലേക്കിറങ്ങി വന്നു.

അഭിരാമി

IX A

## ചിത്രങ്ങൾ



ക്രിസ്റ്റി വർഗ്ഗീസ്
IX C

പ്രണവ് പി കുമാർ
IX C



# സ്കൂൾ ഹരിത ഉദ്യാനം


കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
പച്ചക്കറി വികസന പദ്ധതി 2018 - 19
കൃഷിഭവൻ തഴക്കര
സ്കൂൾ പച്ചക്കറിത്തോട്ടം
ടി. എം. വി. എം.എച്ച്.എസ്
വെട്ടിയാർ



# ശുഭം


ഡിജിറ്റൽ മാഗസീൻ
തയ്യാറാക്കിയത്,
2018-19 ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ